## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3600 — 15/03/2018-ൽ മറുപടിക്ക്

### കുടപ്പനക്കുന്ന് കന്നുകാലി ഫാം അധികൃതരും കെ.എസ്.ഇ.ബി അധികൃതരും തമ്മിലുള്ള തർക്കം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.മുരളീധരൻ** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | തിരുവനന്തപുരം ദൂരദർശൻ കേന്ദ്രത്തിലേക്കുള്ള 11കെ.വി. വൈദ്യുതി ലൈൻ അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ ഫാം അധികൃതരും കെ.എസ്.ഇ.ബി അധികൃതരും തമ്മിൽ തർക്കം നിലവിലുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ഫാമിന്റെ പ്രവർത്തനം കെ.എസ്.ഇ.ബിയുടെ നടപടി മൂലം തടസ്സപ്പെടുന്നുണ്ടോ;വിശദീകരിക്കമോ; | (ബി) & (സി) | കുടപ്പനക്കുന്ന് ദൂരദർശൻ കേന്ദ്രത്തിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നത് കുടപ്പനക്കുന്ന് കന്നുകാലി ഫാമിലൂടെ കടന്നു പോകുന്ന 11kv UG കേബിൾ വഴിയാണ്.ടി കേബിളിന് 03.02.2018-ന് തകരാർ സംഭവിച്ചതുമൂലം പകരമായി സംവിധാനം ഒരുക്കിയാണ് നിലവിൽ ദൂരദർശൻ കേന്ദ്രത്തിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നത്. ദൂരദർശൻ കേന്ദ്രത്തിലേയ്ക്കുള്ള പ്രസ്തുത കേബിളിലെ തകരാറുകൾ പരിഹരിക്കുന്നതിനു വേണ്ടി കെ.എസ്.ഇ.ബി. ജീവനക്കാർ ടി ഫാമിൽ എത്തുകയും ഫാം അധികൃതർ അത് തടയുകയും ചെയ്തിരുന്നു. പ്രസ്തുത ഫാമിന്റെ പ്രവർത്തനം തടയാൻ കെ.എസ് .ഇ.ബി. ജീവനക്കാർ ശ്രമിച്ചിട്ടില്ല .പ്രശ്നപരിഹാരത്തിനായി പ്രസ്തുത വിഷയം ബഹുമാനപ്പെട്ട അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ പരിഗണനക്കായി അയച്ചിട്ടുണ്ട്. |
| (സി) | മൃഗസംരക്ഷണ ഡയറക്ടറുടെ അനുമതിയില്ലാതെ ഫാമിനകത്ത് യാതൊരു വിധ പ്രവർത്തനവും അനുവദിക്കില്ലെന്ന ഫാം അധികൃതരുടെ നിലപാട് ദൂരദർശൻ കേന്ദ്രത്തിലേക്കുള്ള വൈദ്യുതി ലൈൻ നന്നാക്കുന്നതിന് തടസ്സമാകുമെന്നതിനാൽ ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള പ്രശ്നം ചർച്ചയിലൂടെ പരിഹരിക്കുമോ? | | |

സെക്ഷൻ ഓഫീസർ